# പതിനാലാം കേരള നിയമസഭ
## പതിമൂന്നാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നമ്പർ : **2339** — 05-12-2018 ൽ മറുപടിയ്ക്ക്

## വിഴിഞ്ഞം തുറമുഖ പദ്ധതി- പുനരധിവാസ പാക്കേജ്

| ചോദ്യം | മറുപടി |
|---|---|
| ശ്രീ. ഐ.ബി.സതീഷ് :<br>ശ്രീമതി. വീണാ ജോർജ്ജ് :<br>ശ്രീ. എൻ.വിജയൻ പിള്ള :<br>ശ്രീ. ഡി.കെ.മുരളി : | ശ്രീ. രാമചന്ദ്രൻ കടന്നപ്പള്ളി<br>( തുറമുഖവും മ്യൂസിയവും പുരാവസ്തു സംരക്ഷണവും വകുപ്പ് മന്ത്രി) |
| (എ) വിഴിഞ്ഞം തുറമുഖ പദ്ധതിയുമായി ബന്ധപ്പെട്ട പുനരധിവാസ പാക്കേജ് കാര്യക്ഷമമായി നടപ്പിലാക്കാൻ എന്തെല്ലാം നടപടികളാണ് സ്വീകരിച്ചിട്ടുള്ളത് ; | (എ) വിഴിഞ്ഞം തുറമുഖ പദ്ധതിയുമായി ബന്ധപ്പെട്ട പുനരധിവാസ പാക്കേജ് കാര്യക്ഷമമായി നടപ്പിലാക്കാൻ സർക്കാർ ചുവടെ പറയുന്ന നടപടികൾ സ്വീകരിച്ചിട്ടുണ്ട്.<br>പദ്ധതി മൂലം ജീവനോപാധി നഷ്ടപ്പെടുന്നവരെ കണ്ടെത്തി നഷ്ടപരിഹാരം നിശ്ചയിക്കുന്നതിനായി RDO ചെയർമാനായി അഞ്ചംഗ Livelihood Impact Appraisal Committee (LIAC) യും കളക്ടറുടെ അദ്ധ്യക്ഷതയിൽ അപ്പീൽ സമിതിയും രൂപീകരിച്ചിട്ടുണ്ട്. ഗുണഭോക്താക്കളുടെ രേഖകൾ പരിശോധിച്ച് റിപ്പോർട്ട് തയ്യാറാക്കുന്നതിനുവേണ്ടി ഫിഷറീസ് ഡെപ്യൂട്ടി ഡയറക്ടർ മേലധികാരിയായുള്ള ഒരു പ്രോജക്ട് ഇംപ്ലിമെന്റേഷൻ യൂണിറ്റും ഈ നടപടികൾക്കാവശ്യമായ സഹായ സൗകര്യങ്ങൾ ചെയ്തു കൊടുക്കുന്നതിനും, നഷ്ടപരിഹാരത്തുക വിതരണം ചെയ്യുന്നതിനും വിഴിഞ്ഞം തുറമുഖ കമ്പനിയെയും ചുമതലപ്പെടുത്തിയിട്ടുണ്ട്. പദ്ധതിയുടെ നിർമ്മാണ കാലയളവിൽ യന്ത്രവൽകൃതയാനങ്ങൾക്ക് മണ്ണെണ്ണ വിതരണം ചെയ്യുന്നതിനായി മത്സ്യഫെഡിനെയാണ് ചുമതലപ്പെടുത്തിയിട്ടുള്ളത്. പദ്ധതി പ്രദേശമുൾപ്പെടുന്ന കോട്ടപ്പുറം മുതൽ മുല്ലൂർ വരെയുള്ള തീരപ്രദേശത്തെ അപേക്ഷകൾ പരിശോധിച്ച് നഷ്ടപരിഹാരം വിതരണം ചെയ്തുകഴിഞ്ഞു. കപ്പൽ ചാൽ നിർമ്മിക്കുന്നതുമായി ബന്ധപ്പെട്ട് തൊഴിൽ നഷ്ടം വരുന്ന അടിമലത്തുറ ഭാഗത്തെ കരമടി മത്സ്യത്തൊഴിലാളികൾക്കുള്ള നഷ്ടപരിഹാരം വിതരണം ചെയ്യുന്നതിനുള്ള നടപടികൾ സ്വീകരിച്ചു വരുന്നു. നഷ്ടപരിഹാരം ലഭിച്ചിട്ടില്ലെന്ന 18000 ത്തോളം വരുന്ന പരാതികളിൻമേൽ പുനഃപരിശോധന |

നടത്തുന്നതിനുള്ള നടപടികളും സ്വീകരിച്ചുവരുന്നുണ്ട്.

| | | | |
|---|---|---|---|
| (ബി) | പുനരധിവാസ പാക്കേജ് സംബന്ധിച്ച ഗുണഭോക്തൃ പട്ടിക തയ്യാറാക്കിയിട്ടുണ്ടോ; വിശദമാക്കുമോ ; | (ബി) | പുനരധിവാസ പാക്കേജ് സംബന്ധിച്ച് ഗുണഭോക്തൃ പട്ടിക RDO യുടെ അദ്ധ്യക്ഷതയിലുള്ള Livelihood Appraisal Committee തയ്യാറാക്കി പ്രസിദ്ധീകരിക്കുകയും ഈ റിപ്പോർട്ടിൻമേലുള്ള പരാതികൾ ജില്ലാ കളക്ടറുടെ അദ്ധ്യക്ഷതയിലുള്ള LIAC അപ്പീൽ കമ്മിറ്റി മുമ്പാകെ സമർപ്പിക്കുന്നതിനായി അവസരം നൽകിയിട്ടുണ്ട്. ഇപ്രകാരം ലഭിച്ച പരാതിയുടെ അടിസ്ഥാനത്തിൽ മത്സ്യഗ്രാമം / മത്സ്യബന്ധന രീതി എന്നിവ അടിസ്ഥാനമാക്കി വിശദമായ പട്ടികയും തയ്യാറാക്കിയിട്ടുണ്ട്. |
| (സി) | തുറമുഖ പദ്ധതിക്കുവേണ്ടി മാറ്റിപ്പാർപ്പിച്ച എല്ലാവർക്കും ഉപാധിരഹിത പട്ടയം നൽകുന്നതിനുള്ള തീരുമാനം എടുത്തിട്ടുണ്ടോ ; | (സി) | വീടുകൾ നഷ്ടപ്പെട്ട ഭൂവുടമകൾക്ക് 5 സെൻറ് സ്ഥലം ഗുണഭോക്താവിന്റെ പേരിൽ പൂർണ്ണ സ്വാതന്ത്ര്യത്തോടെ രജിസ്റ്റർ ചെയ്താണ് നൽകിയിട്ടുള്ളത്. |
| (ഡി) | പദ്ധതി പ്രദേശത്തെ താല്പര്യമുള്ള എല്ലാവർക്കും തുറമുഖാധിഷ്ഠിത ജോലികളിൽ മുൻഗണന നൽകണമെന്ന ആവശ്യം ഉന്നയിക്കപ്പെട്ടിട്ടുണ്ടോ; വിശദമാക്കുമോ ; | (ഡി) | നിർമ്മാണ ഘട്ടത്തിലുള്ള തൊഴിലുകളിൽ പ്രദേശവാസികൾക്ക് അവസരം നൽകിവരുന്നുണ്ട്. അഭ്യസ്ഥവിദ്യരായ തദ്ദേശീയർക്ക് പരിശീലനം നൽകാൻ അദാനി കമ്പനി വിഴിഞ്ഞത്ത് തൊഴിൽ നൈപുണ്യ പരിശീലന സ്ഥാപനം ആരംഭിക്കാൻ തീരുമാനിച്ചിട്ടുണ്ട്. പരിശീലനം പൂർത്തിയാക്കുന്നവർക്ക് വിഴിഞ്ഞത്തും മറ്റ് തുറമുഖങ്ങളിലും അവസരം ലഭിക്കുന്നതാണ്. |
| (ഇ) | വിഴിഞ്ഞം അന്താരാഷ്ട്ര തുറമുഖ നിർമ്മാണം വേഗത്തിലാക്കാൻ എന്തെല്ലാം നിർദ്ദേശങ്ങളാണ് നൽകിയിട്ടുള്ളതെന്ന് വ്യക്തമാക്കാമോ ? | (ഇ) | പദ്ധതി പുരോഗതി സർക്കാർ വിവിധ തലങ്ങളിൽ പതിവായി വിലയിരുത്തി സമയബന്ധിതമായി പദ്ധതി പൂർത്തീകരണത്തിനുള്ള നിർദ്ദേശങ്ങൾ നൽകി വരുന്നുണ്ട്. പാറ ലഭിക്കുന്നതിനുള്ള പ്രയാസം പരിഹരിക്കുന്നതിനായി സ്വകാര്യ വ്യക്തികളുമായി കരാർ വ്യവസ്ഥയിലും അദാനി കമ്പനി നേരിട്ടും ക്വാറികൾ സ്ഥാപിക്കുന്നതിനാവശ്യമായ നടപടി സ്വീകരിച്ചു വരികയാണ്. |

**സെക്ഷൻ ഓഫീസർ**